# പതിനാലാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4094 16.03.2017 ന് മറുപടിയ്ക്ക്.

## കണ്ണൂർ ജില്ലയിൽ വന്യജീവി ശല്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കണ്ണൂർ ജില്ലയിൽ വന്യജീവികളുടെ ആക്രമണത്തിൽ കഴിഞ്ഞ 6 മാസത്തിനുള്ളിൽ എത്ര മനുഷ്യ ജീവനുകളാണ് നഷ്ടപ്പെട്ടിട്ടുള്ളത്; ഇവരുടെ കുടുംബങ്ങൾക്ക് എത്ര രൂപ ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) കണ്ണൂർ ജില്ലയിൽ വന്യജീവികളുടെ ആക്രമണത്തിൽ കഴിഞ്ഞ 6 മാസത്തിനുള്ളിൽ 3 മനുഷ്യ ജീവനുകളാണ് നഷ്ടപ്പെട്ടിട്ടുള്ളത്. ഇതിൽ ഒരാളുടെ കുടുംബത്തിന് നഷ്ടപരിഹാരമായി 5 ലക്ഷം രൂപ നൽകിയിട്ടുണ്ട്. മറ്റ് രണ്ട് പേരുടെ മരണാനന്തര ചെലവുകൾക്കായി 15,000/- രൂപ വീതം നൽകിയിട്ടുണ്ട്. പിൻതുടർച്ചാ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള രേഖകൾ ലഭിയ്ക്കുന്ന മുറയ്ക്ക് ടി രണ്ടു പേരുടേയും അനന്തരാവകാശികൾക്ക് നഷ്ടപരിഹാരം നൽകുന്നതാണ്. |
| (ബി) മരണപ്പെട്ടവരുടെ ആശ്രിതർക്ക് തൊഴിൽ നൽകുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) 1980-ലെ കേരളാ റൂൾസ് ഫോർ പെയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം വന്യജീവി ആക്രമണം മൂലം ജീവനാശം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് സർക്കാർ ജോലി നൽകുന്നതിനുള്ള വ്യവസ്ഥയില്ല. |
| (സി) പേരാവൂർ മണ്ഡലത്തിലെ വന്യജീവി ശല്യം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; ഈ വിഷയത്തിൽ കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ? | (സി) പേരാവൂർ മണ്ഡലത്തിലെ അയ്യംകുന്ന് ഗ്രാമപഞ്ചായത്തിൽ 10 കിലോമീറ്റർ സോളാർ ഫെൻസിംഗ്, ആറളം ഗ്രാമപഞ്ചായത്തിൽ 2.5 കിലോമീറ്റർ ട്രെഞ്ച് നിർമ്മാണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. കേളകം ഗ്രാമപഞ്ചായത്തിൽ 2 കിലോമീറ്റർ സോളാർ ഫെൻസിംഗ് പൂർത്തീകരിക്കുകയും, 9.25 കിലോമീറ്റർ ആനപ്രതിരോധ മതിൽ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നുണ്ട്. കൊട്ടിയൂർ ഗ്രാമപഞ്ചായത്തിലെ 17 കിലോമീറ്റർ സോളാർ ഫെൻസിംഗ് പ്രവർത്തിയും കണിച്ചാർ ഗ്രാമപഞ്ചായത്തിൽ 7.5 കിലോമീറ്റർ സോളാർ ഫെൻസിംഗ് പ്രവർത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. ഫെൻസിംഗിന്റെ പ്രവർത്തന ക്ഷമത വാച്ചർമാർ നിത്യേന പരിശോധിച്ച് ഉറപ്പു വരുത്തുന്നുണ്ട്. കൂടാതെ |

കൊട്ടിയൂർ റെയിഞ്ചിൽ പേരാവൂർ മണ്ഡലത്തിന്റെ കീഴിൽ വരുന്ന സ്ഥലങ്ങളിൽ നാട്ടിലിറങ്ങുന്ന വന്യജീവികളെ സമയബന്ധിതമായി തുരത്തി തിരികെ കാട്ടിലേക്ക് വിടുന്നതിന് ജീവനക്കാരും വനസംരക്ഷണ സമിതി അംഗങ്ങളും തദ്ദേശീയരായ വാച്ചർമാരും പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. ടി പ്രദേശത്ത് മനുഷ്യ-വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിന് വനം വകുപ്പിന്റെ ദ്രുതകർമ്മ സേനയുടെ ആസ്ഥാനം തളിപ്പറമ്പിൽ നിന്നും ഇരിട്ടിയിലേക്ക് മാറ്റിയിട്ടുണ്ട്. കൂടാതെ കടുത്ത വേനലിൽ ദാഹജലത്തിനായി വന്യമൃഗങ്ങൾ നാട്ടിലിറങ്ങുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി കൊട്ടിയൂർ റെയിഞ്ചിന്റെ കീഴിൽ വരുന്ന നെല്ലിയോടി, പരിപ്പുതോട്, ചതിരൂർ എന്നീ വനമേഖലകളിൽ ഓരോ കുളം കുഴിച്ച് വന്യമൃഗങ്ങൾക്ക് ദാഹജലം ഉറപ്പു വരുത്തിയിട്ടുണ്ട്.

07.02.2017-ലെ സർക്കാർ ഉത്തരവ് (സാധാ) നം.51/2017/വനം പ്രകാരം മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് പഞ്ചായത്ത്-മുനിസിപ്പാലിറ്റി തലത്തിൽ തദ്ദേശീയരും, ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്ന് രൂപീകരിക്കാൻ ഉത്തരവായിട്ടുള്ള ജനജാഗ്രതാ സമിതികളുടെ ടി മേഖലയിലെ രൂപീകരണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ